# മാർക്സിസത്തെ രക്ഷിക്കാൻ ജമാഅത്തെ ഇസ്‌ലാമി?

■ *'വിരോധാഭാസകരമായ ഒരു കാര്യം, മാർക്സിസത്തിന്റെ പ്രസക്തി നഷ്ടപ്പെടുന്നു എന്നു പറയുന്നവർ തന്നെ അതിനെ രക്ഷിക്കാൻ ഇറങ്ങിത്തിരിച്ചിരിക്കുന്നതാണെന്ന് മന്ത്രി തോമസ് ഐസക് പറഞ്ഞു.*

*മാധ്യമങ്ങൾ മാർക്സിസത്തെ രക്ഷിക്കാൻ ഇറങ്ങിയിരിക്കുകയാണ്. നമ്മുടെ നാട്ടിലെ മാധ്യമങ്ങൾ സ്വതന്ത്രമല്ല. അവ മുതലാളിമാർ നടത്തുന്നതാണ്. മുതലാളിമാരാണ് മാർക്സിസം കാലഹരണപ്പെട്ടു എന്ന് പ്രചരിപ്പിക്കുന്നത്. മാർക്സിസത്തെ രക്ഷിക്കാൻ ജമാഅത്തെ ഇസ്‌ലാമി പോലും ഇറങ്ങിത്തിരിക്കുന്നു. മാധ്യമ അധീശത്വം വളരെയേറെയുള്ള സംസ്ഥാനമാണ് കേരളം. വർധിച്ച സാക്ഷരതയാണ് കാരണം. നിങ്ങളും ഞാനും ചിന്തിക്കുന്നതിനേയും നമ്മുടെ അഭിരുചി രൂപപ്പെടുത്തുന്നതിനേയും നിയന്ത്രിക്കുന്നത് മാധ്യമങ്ങളാണ്.*

*മാർക്സിസത്തിന്റെ പ്രസക്തി എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ വിഷയമവതരിപ്പിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി തോമസ് ഐസക് (മാതൃഭൂമി ദിനപത്രം 21/01/'08).* മുജീബിന്റെ പ്രതികരണം?

**ഡോ. വി. ബശീറുദ്ദീൻ മഞ്ചേരി**

**മാ**ർക്സിസം ഒരിക്കലും തെറ്റുപറ്റാത്ത ശാസ്ത്രീയ സോഷ്യലിസമാണെന്നും അത് മാനവിക പ്രത്യയശാസ്ത്രങ്ങളിലെ അവസാന വാക്കാണെന്നും ധരിച്ചുവശായവരാണ് നിരന്തരമായ തിരിച്ചടികൾ നേരിടുമ്പോൾ പരിഭ്രാന്തരായി അതിനെ രക്ഷിക്കാൻ ശ്രമിക്കുന്നത്. അല്ലാതെ മനുഷ്യനിർമിത കേവല ഭൗതിക പ്രത്യയശാസ്ത്രങ്ങളൊക്കെയും പരമാബദ്ധങ്ങളാണെന്ന് ന്യായമായ കാരണങ്ങളാൽ വിശ്വസിക്കുന്നവർ മാർക്സിസത്തിന്റെ പ്രസക്തി പണ്ടേ അംഗീകരിച്ചിട്ടില്ല, ഇപ്പോൾ അതിനെ രക്ഷിക്കുക എന്ന പാഴ്‌വേലക്ക് മുതിരുന്നുമില്ല.

സമ്പത്തിനെ അടിസ്ഥാനമാക്കി മനുഷ്യസമൂഹത്തെ വർഗീകരിക്കാനും ആ വർഗീകരണം ശാശ്വത യാഥാർഥ്യമാണെന്ന് സ്ഥാപിക്കാനും ശ്രമിച്ചതാണ് മാർക്സിസത്തിന് സംഭവിച്ച പ്രാഥമിക പരാജയം. ഇന്നത്തെ തൊഴിലാളി നാളത്തെ മുതലാളിയും മുതലാളി തൊഴിലാളിയും ഉള്ളവൻ ഇല്ലാത്തവനും നേരെ മറിച്ചും ആയിത്തീരുന്നത് പ്രകൃതി നിയമമായിരിക്കെ തദടിസ്ഥാനത്തിൽ മനുഷ്യകുലത്തെ ഒരിക്കലും വർഗീകരിക്കാൻ സാധിക്കുമായിരുന്നില്ല. സ്വകാര്യ ഉടമാവകാശമാണ് സകല കുഴപ്പങ്ങളുടെയും നാരായ വേരെന്ന സിദ്ധാന്തമാണ് പരമാബദ്ധവും അപ്രായോഗികവുമെന്ന് ബോധ്യപ്പെട്ടു കൈയൊഴിയേണ്ടിവന്ന മറ്റൊരു തത്ത്വം. സമത്വത്തിനും സാമൂഹിക നീതിക്കും വേണ്ടി നിലവിൽവന്ന ഒരു ദർശനം ബലപ്രയോഗത്തിലൂടെയല്ലാതെ ഒരിക്കലും നടപ്പാക്കാനാവില്ലെന്ന കാഴ്ചപ്പാടാകട്ടെ മാനവികതയുമായി തുറന്ന യുദ്ധത്തിലേക്ക് മാർക്സിസത്തെ തള്ളിയിടുകയും ചെയ്തു. സ്ഥാപിക്കാൻ മാത്രമല്ല നിലനിർത്താനും വേണ്ടിവന്ന അത്യാചാരങ്ങളും ക്രൂരതകളും മാർക്സിസം അടിസ്ഥാനമായംഗീകരിച്ച മതനിരാസത്തിന്റെ കൂടി പ്രത്യാഘാതമായിരുന്നു. ഇതിന്റെയൊക്കെ ഫലമായി സോഷ്യലിസ്റ്റ് വിപ്ലവം കമ്യൂണിസത്തിന്റെ ഘട്ടത്തിലേക്ക് കടക്കുംമുമ്പേ കാലഗതിയടഞ്ഞു. അതിനെ ഇനിയും രക്ഷിക്കാൻ കഴിയുമെന്ന് കരുതുന്നവർ പോഴത്തക്കാരാണ്. ദൈവികാദർശപ്രസ്ഥാനമായ ജമാഅത്തെ ഇസ്‌ലാമി ഏതായാലും ആ പോഴത്തത്തിനില്ല. എന്നാൽ ചുറ്റുപാടും നടക്കുന്ന ചലനങ്ങളെയും സംഭവവികാസങ്ങളെയും കണ്ടില്ലെന്ന് നടിക്കാനോ വിമർശന ബുദ്ധ്യാ വിലയിരുത്താതിരിക്കാനോ ജീവനുള്ള ഒരു പ്രസ്ഥാനത്തിനും അതിന്റെ പ്രസിദ്ധീകരണങ്ങൾക്കും സാധ്യമല്ല. അതേക്കുറിച്ചാവണം ധനമന്ത്രി തോമസ് ഐസക്കിന്റെ പരിഹാസം. അതേസമയം സാമ്രാജ്യത്വത്തിനും മുതലാളിത്ത അധിനിവേശത്തിനുമെതിരെ പൊരുതേണ്ട ഒരിടതുപക്ഷ പ്രസ്ഥാനത്തിന്റെ നിലവിലെ പ്രസക്തി പോലും ചോദ്യം ചെയ്യപ്പെടുന്ന സാഹചര്യം സൃഷ്ടിക്കുന്നതിന് തന്റെയും സമാനമനസ്കരുടെയും പിന്തിരിപ്പൻ നയങ്ങൾ വഹിക്കുന്ന പങ്ക് അദ്ദേഹം കാണാതെ പോവുകയും ചെയ്യുന്നു. അറിയാനുള്ള ജനങ്ങളുടെ അവകാശം സാധ്യമാക്കാനാണ് മാധ്യമങ്ങളുടെ ശ്രമം. സോവിയറ്റ്, ചൈനീസ് മോഡൽ സമഗ്രാധിപത്യ ശൈലിയിലൂടെ ഒരു ജനാധിപത്യരാജ്യത്ത് അതിന് തടയിടാനാവില്ലെന്ന് സി.പി.എമ്മിലെ സുഹൃത്തുക്കൾ മനസ്സിലാക്കാതിരിക്കാൻ കാരണമില്ല. ആശയ സമരത്തിന്റെ മാർഗം തീർച്ചയായും തുറന്നു കിടക്കുകയും ചെയ്യുന്നു.

## സഹതാപാർഹമായ വിശകലനം?

■ *ഹജ്ജ് കമ്മിറ്റി ചെയർമാൻ സ്ഥാനം, യൂനിവേഴ്സിറ്റി സിൻഡിക്കേറ്റ് അംഗത്വം,*

*വഖഫ് ബോർഡ് മെമ്പർ സ്ഥാനം എന്നിവ ലഭിക്കാത്തതിലും, എ.ഡി.ബി ലോൺ, മദ്യനയം എന്നിവയിലെ വ്യതിയാനത്തിലും ഊന്നി ജമാഅത്തെ ഇസ്‌ലാമി, സി.പി.എമ്മുമായി നേരിയ അസ്വാരസ്യത്തിലാണിപ്പോൾ. ഈ അവസരം ഫലപ്രദമായി ഉപയോഗപ്പെടുത്തി ജമാഅത്തെ ഇസ്‌ലാമിയെ ഒപ്പം നിർത്തുന്നതിന് വേണ്ടിയാണ് നാളിതുവരെ മുസ്‌ലിംലീഗ് തഴുകിത്തലോടിയിരുന്ന എൻ.ഡി.എഫിനെ തള്ളിപ്പറയാൻ കുഞ്ഞാലിക്കുട്ടി മുതിരുന്നത്. ജമാഅത്തെ ഇസ്‌ലാമിയാകട്ടെ എൻ.ഡി.എഫുമായി ഒട്ടും യോജിക്കുന്നവരുമല്ല* (കേരളശബ്ദം വാരിക, 27/01/ *'08 -കുഞ്ഞാലിക്കുട്ടി കരുത്താർജിക്കുന്നു എന്ന ലേഖനത്തിൽനിന്ന്)* മുജീബിന്റെ പ്രതികരണം?

***പി.വി ഉമ്മർകോയ പന്നിയങ്കര***

പ്രത്യയശാസ്ത്രപരമായ അടിത്തറകളുള്ള ഒരാദർശ പ്രസ്ഥാനത്തിന്റെ നയനിലപാടുകളെ ശരാശരി സാമുദായിക രാഷ്ട്രീയ കൂട്ടായ്മകളുടെ കണ്ണിലൂടെ കാണാൻ ശ്രമിച്ചതാണ് ഈ വിശകലനത്തെ സഹതാപാർഹമാക്കുന്നത്. കഴിഞ്ഞ നിയസഭാ തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമിയുടെ കേരള ഘടകം ഇടതുമുന്നണിയെ പിന്താങ്ങാൻ തീരുമാനിച്ചപ്പോൾതന്നെ അതിന്റെ താത്ത്വികവും പ്രായോഗികവുമായ പശ്ചാത്തലം തീർത്തും സുതാര്യമാക്കിയിരുന്നതാണ്. സാർവദേശീയ, ദേശീയ തലങ്ങളിൽ സാമ്രാജ്യത്വവും ഫാഷിസവും ഉയർത്തുന്ന വെല്ലുവിളികളെ താരതമ്യേന ആർജവത്തോടെ നേരിടാൻ രംഗത്തുള്ളത് ഇടതുപക്ഷമാണെന്ന വിലയിരുത്തലാണ് ജമാഅത്ത് നടത്തിയത്. അല്ലാതെ വഖഫ് ബോർഡ് അംഗത്വമോ ഹജ്ജുകമ്മിറ്റിയിലെ പദവിയോ അതുപോലുള്ള ആവശ്യങ്ങളോ ഒന്നും ജമാഅത്ത് ആരുടെയും മുന്നിൽ വെച്ചിരുന്നില്ല. യു.ഡി.എഫ് അധികാരത്തിൽ വന്നാൽ അതൊന്നും ജമാഅത്തിന് ലഭിക്കുകയില്ല എന്ന വിശ്വാസവും ഉണ്ടായിരുന്നില്ല. രണ്ടുമുന്നണികൾ മാറിമാറി ഭരിച്ചപ്പോഴും വഖഫ് ബോർഡിലും ഹജ്ജ് കമ്മിറ്റിയിലും ജമാഅത്ത് പ്രതിനിധികൾ ഉണ്ടായിരുന്നു. ഇനിയൊരു ഘട്ടത്തിൽ ഇത്തരം സമിതികളിൽ അംഗത്വമൊന്നും ഇല്ലെങ്കിലും ജമാഅത്തിന്റെ തത്ത്വാധിഷ്ഠിത നിലപാടുകൾക്ക് മാറ്റമുണ്ടാവില്ല.

സി.പി.എം നയിക്കുന്ന മുന്നണി അധികാരത്തിലേറിയ ശേഷം ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയർന്നില്ലെന്ന വസ്തുത ജമാഅത്തെ ഇസ്‌ലാമി അമീർ ടി. ആരിഫലി പരസ്യമായിത്തന്നെ പറഞ്ഞിട്ടുണ്ട്. വി.എസ് സർക്കാറിന്റെ പാളിച്ചകളും വീഴ്ചകളും യഥാവസരങ്ങളിൽ ജമാഅത്ത് ചൂണ്ടിക്കാട്ടുന്നുമുണ്ട്. അതിനർഥം മുന്നണികളോടുള്ള സമീപനങ്ങളിൽ മൗലികമായി മാറ്റം വരുത്തി എന്നല്ല. സമയം വരുമ്പോൾ വിഷയത്തിന്റെ നാനാവശങ്ങൾ വിലയിരുത്തിയാവും തീരുമാനം. അതേസമയം, സാമുദായിക രാഷ്ട്രീയ പാർട്ടിയായ മുസ്‌ലിംലീഗിനോട് പിന്നാക്ക ന്യൂനപക്ഷ പ്രശ്നങ്ങളുടെ പരിഹാരത്തിന് ജമാഅത്ത് സഹകരിക്കുന്നത് രാഷ്ട്രീയ കരുനീക്കങ്ങളുടെ ഭാഗമല്ല. എല്ലാ കാര്യങ്ങളിലും ലീഗിനെ പിന്താങ്ങുന്നു എന്ന് ഇതിനർഥവുമില്ല. എൻ.ഡി.എഫിനോടുള്ള പ്രസ്ഥാനത്തിന്റെ സമീപനം സംശയാതീതമായി വ്യക്തമാക്കപ്പെട്ടു കഴിഞ്ഞതാണ്.

## മുഹർറം നോമ്പ്?

■ *പ്രവാചകൻ(സ) 53-ാം വയസ്സിലാണല്ലോ ഹിജ്റ പോയത്. 63-ാം വയസ്സിൽ വഫാത്താകുന്നത് വരെ 10 വർഷം മദീനയിൽ ഉണ്ടായിരുന്നു. മദീനയിൽ എത്തിയശേഷം യഹൂദികൾ മുഹർറം 10 നോമ്പ് അനുഷ്ഠിക്കുന്നത് അറിഞ്ഞപ്പോൾ ഈ നോമ്പ് എന്തിനാണ് നോൽക്കുന്നത് എന്ന് അന്വേഷിച്ചു. മൂസാ(അ)യെ ഫിർഔനിൽ നിന്ന് രക്ഷപ്പെടുത്തിയ ദിവസമാണെന്ന മറുപടിയുടെ അടിസ്ഥാനത്തിൽ ഞാൻ ജീവിച്ചിരിക്കുകയാണെങ്കിൽ അടുത്തകൊല്ലം മുഹർറം 9-ന് നോൽക്കും എന്ന് പ്രവചിക്കുകയുണ്ടായി. സംശയം ഇതാണ്, മേൽപറഞ്ഞ 10 കൊല്ലം പ്രവാചകൻ മദീനയിൽ ഉണ്ടായിരിക്കെ ആശൂറാനോമ്പിനെപ്പറ്റി അറിയാതെ വന്നോ? അവസാനം വർഷംവരെ കാത്തിരുന്നോ ഇതിന്റെ യഥാർഥ സ്ഥിതി അറിയാൻ?*

***ബി.ടി അബൂഫൈസൽ***
***കടപ്പുറം ബുഖാറ***

ഒന്നോ രണ്ടോ ഹദീസുകൾ മാത്രം പശ്ചാത്തലത്തിൽനിന്നടർത്തിയെടുത്തു മനസ്സിലാക്കാൻ ശ്രമിക്കുന്നതുകൊണ്ടാണ് ഇത്തരം ധാരണപ്പിശകുകൾ ഉണ്ടാവുന്നത്. മുഹർറം പത്തിന് ജാഹിലിയ്യാ കാലത്ത് തന്നെ ഖുറൈശികളും നബി(സ)യും നോമ്പെടുക്കാറുണ്ടായിരുന്നുവെന്നും മദീനയിലെത്തിയപ്പോൾ തിരുമേനി ആ ദിവസം നോമ്പെടുത്തതോടൊപ്പം അനുയായികളോട് അത് കൽപിക്കുകയും ചെയ്തുവെന്നും ആഇശ(റ)യുടെ ഹദീസിൽ കാണാം. പിന്നീട് റമദാൻ വ്രതം നിർബന്ധമാക്കിയപ്പോൾ ആശൂറാഅ് നോമ്പ് തിരുമേനി ഐഛികമാക്കി എന്നും ആ ഹദീസിലുണ്ട് (ബുഖാരി, മുസ്‌ലിം). ഹിജ്റ രണ്ടാം വർഷം ശഅ്ബാനിലാണ് റമദാൻ നിർബന്ധമാവുന്നത്. അതുവരെയും ആശൂറാനോമ്പ് നിർബന്ധമാക്കിയത് യഹൂദികളെ കണ്ടുപഠിച്ചാണോ? ഹിജ്റ രണ്ടാം വർഷം മുതൽ ഒമ്പതാം വർഷം വരെയും തിരുമേനിയും ശിഷ്യന്മാരും മുഹർറം 10-ന് നോമ്പനുഷ്ഠിച്ചിരുന്നു എന്നും വ്യക്തമാകുന്നു. ഇബ്നു അബ്ബാസിന്റെ ഹദീസ് ശ്രദ്ധിക്കുക. നബി(സ) ആശൂറാഅ് ദിവസം നോമ്പനുഷ്ഠിക്കുകയും അന്ന് നോമ്പെടുക്കാൻ കൽപിക്കുകയും ചെയ്തപ്പോൾ 'അല്ലാഹുവിന്റെ ദൂതരേ, ജൂതരും ക്രിസ്ത്യാനികളും ആദരിക്കുന്ന ദിവസമാണല്ലോ അത്' എന്ന് പറയുകയുണ്ടായി. അപ്പോൾ നബി തിരുമേനി പ്രതിവചിച്ചു: അടുത്ത വർഷമായാൽ ഇൻശാ അല്ലാഹ്, നാം ഒമ്പതിന് (താസൂആഅ്) നോമ്പനുഷ്ഠിക്കുന്നതാണ്.' പക്ഷേ, അടുത്തവർഷം വരുന്നതിന് മുമ്പുതന്നെ തിരുമേനി നിര്യാതനാവുകയാണുണ്ടായത് (മുസ്‌ലിം, അബൂദാവൂദ്). അപ്പോൾ ഹിജ്റ ഒമ്പതാം വർഷമാണ് വിഷയത്തിലെ യഹൂദി ഘടകം കടന്നുവരുന്നതെന്നും എന്നാൽ അതിനുമുമ്പേ ആശൂറാഅ് നോമ്പ് ഇസ്‌ലാമിൽ ഉണ്ടായിരുന്നുവെന്നും വ്യക്തമാകുന്നു. അതാകട്ടെ, മുഹർറം 10-ന്റെ ചരിത്ര പ്രാധാന്യം തിരുമേനി(സ) ശരിക്കും മനസ്സിലാക്കിയത്കൊണ്ട് തന്നെയാണെന്നും ഗ്രഹിക്കാവുന്നതാണ്. വ്യത്യസ്തക്ക് വേണ്ടി മുഹർറം ഒമ്പതിലെ നോമ്പ് കൂടി സുന്നത്താക്കിയതാണ് ഹിജ്റ ഒമ്പതാം വർഷത്തിലെ പ്രത്യേകത.

## മൗലികവാദി രാജ്യങ്ങൾ?

■ *ഇസ്‌ലാമിക മൗലിക വാദങ്ങളിൽ പിറവിയെടുത്ത മുസ്‌ലിം രാജ്യങ്ങളിൽ പലതും തമ്മിൽതല്ലിയും കൊലവിളി നടത്തിയും ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും അന്തസ്സിന് കളങ്കം ചാർത്തിക്കൊണ്ടിരിക്കുന്നു. ഇസ്‌ലാമിക താൽപര്യങ്ങളിൽ ജന്മംകൊണ്ട മുസ്‌ലിം രാജ്യമായ പാകിസ്താനിൽപോലും ഇന്ന് സമാധാനക്കുറവും അരാജകത്വവുമല്ലേ നടമാടിക്കൊണ്ടിരിക്കുന്നത്? മുൻപ്രധാനമന്ത്രി ബേനസീർ ഭുട്ടോ എന്ന വനിതയെപോലും നിഷ്ഠുരമായി വധിച്ചല്ലേ അപമാനിച്ചിരിക്കുന്നത്? ഈ പശ്ചാത്തലത്തിൽ ജനാധിപത്യ മതേതര രാജ്യമായ ഭാരതം ലോകജനതക്ക് തന്നെ എന്നും മാതൃകയല്ലേ? അൽപസ്വൽപം*

*വടികൊടുത്തും അല്ലാതെയും മേടിക്കുന്ന ചില അക്രമങ്ങളൊഴി ച്ചാൽ മുസ്‌ലിംകൾക്ക് ഭാരതം എത്രയോ സമാധാനവും സുര ക്ഷിതവുമല്ലേ?*

***നസീർ പള്ളിക്കൽ റിയാദ്***

**മു**സ്‌ലിം രാജ്യങ്ങളിൽ പാകിസ്താൻ മാത്രമാണ് ഇസ്‌ലാമിന്റെ പേരിൽ സ്ഥാപിതമായത്. ബാക്കിയൊക്കെയും സ്വാഭാവികമായ കാരണങ്ങളാൽ നിലവിൽവന്ന രാഷ്ട്രങ്ങളാണ്. അവിടങ്ങളിൽ ഇസ്‌ലാമിന്റെ സന്ദേശം പ്രചരിച്ചപ്പോൾ ഭൂരിപക്ഷം ജനങ്ങളും മുസ്‌ലിംകളായതാണ് ചരിത്രം. ഈ രാജ്യങ്ങളിൽ ചിലത് തമ്മിൽതല്ലാൻ കാരണം നൂറ്റാണ്ടുകൾ നീണ്ട കോളനിവാഴ്ച വിത്തുപാകിയ ഭിന്നിപ്പും വർത്തമാനകാലത്ത് അമേരിക്കൻ സാമ്രാജ്യത്വം ലക്ഷം കോടികൾ മുടക്കി നടത്തിക്കൊണ്ടിരിക്കുന്ന വിധ്വംസക പ്രവർത്തനങ്ങളുമാണ്. അതിന് ഇസ്‌ലാം ഉത്തരവാദിയല്ല. തന്നെയല്ല, മുസ്‌ലിം രാജ്യങ്ങൾ ഇസ്‌ലാമിക ഏകതയിലേക്ക് മടങ്ങുക മാത്രമാണ് സമാധാന പുനഃസ്ഥാപനത്തിന്റെ ഏക വഴിയും. പാകിസ്താൻ സ്ഥാപിതമായതുതന്നെ സാമുദായിക ധ്രുവീകരണത്തിന്റെയും അതിന്റെ ഉൽപന്നമായ സ്പർധയുടെയും പശ്ചാത്തലത്തിലാണ്. ഈ പരിണതിയാകട്ടെ അവിഭക്ത ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാന നായകൻ സയ്യിദ് അബുൽ അഅ്ലാ മൗദൂദി അതിശക്തമായ ഭാഷയിൽ ചൂണ്ടിക്കാട്ടിയ സത്യമാണ് (*മുസൽമാൻ ഔർ മൗജൂദ സിയാസി കശ്മകശ്* - രണ്ടുവാല്യങ്ങൾ). പാകിസ്താൻ നിലവിൽവന്നതിന് ശേഷവും ഇസ്‌ലാമിക ജനാധിപത്യ ഭരണഘടനയുടെ അഭാവത്തിൽ പഞ്ചാബി, സിന്ധി, പഠാണി, ബലൂചി, ബംഗാളി, മുഹാജിർ ഉപദേശീയതകളെ അനാരോഗ്യകരമായി വളർന്ന് തമ്മിൽ തല്ലാൻ അവസരമൊരുക്കുകയായിരുന്നു മതേതര രാഷ്ട്രീയക്കാർ. അങ്ങനെ 1971-ൽ ആഭ്യന്തര യുദ്ധത്തിനൊടുവിൽ മതേതരനായ ശൈഖ് മുജീബുർറഹ്മാൻ കിഴക്കൻ പാകിസ്താനെ വേർപെടുത്തി ബംഗ്ലാദേശ് സ്ഥാപിച്ചു. അവശിഷ്ട പാകിസ്താനിലും ജനാധിപത്യം നേരാംവണ്ണം പുനസ്ഥാപിതമായില്ല. തെരഞ്ഞെടുപ്പ് പ്രഹസനമാക്കുന്നതിൽ പട്ടാള ഭരണാധികാരിയായിരുന്ന ജനറൽ അയ്യൂബ്ഖാന്റെ വലംകൈയായി രാഷ്ട്രീയത്തിലിറങ്ങിയ സുൽഫിക്കർ അലി ഭുട്ടോയും തന്റേതായ പങ്ക് വഹിച്ചിട്ടുണ്ട്. അധികാരം ലഭിച്ചപ്പോൾ മകൾ ബേനസീറിന്റെയും പ്രഥമ പരിഗണന അഴിമതി നിറഞ്ഞ ഫ്യൂഡൽ പാരമ്പര്യം കാത്ത് സൂക്ഷിക്കുന്നതിലായിരുന്നു. അമേരിക്കൻ സാമ്രാജ്യത്തോടുള്ള ദാസ്യം അന്ത്യനിമിഷംവരെയും അവർ കൊണ്ടുനടന്നു. ഉപ്പ് തിന്നുന്നവൻ വെള്ളം കുടിച്ചേ തീരൂ. പാകിസ്താനിൽ ഏറ്റവും ഒടുവിൽ നടത്തപ്പെട്ട സർവെയിൽ പങ്കെടുത്തവരിൽ 75 ശതമാനവും ഇസ്‌ലാമിക ജനാധിപത്യമാണ് രാജ്യത്തിന്റെ മോചന മാർഗമെന്ന് തുറന്നു പറഞ്ഞത് ശ്രദ്ധേയമാണ്.

ഏകാധിപത്യ കുടുംബവാഴ്ച പുലരുന്ന മുസ്‌ലിം നാടുകളെക്കാളും ഭേദമാണ് ജനാധിപത്യ ഇന്ത്യ. എന്നാൽ ഹിന്ദുത്വ ഫാഷിസ്റ്റുകൾ അധികാരം കൈയടക്കിയാൽ സ്ഥിതിമാറും. ■